## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1681      04.10. 2016 ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി.യ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക

**ചോദ്യം**      **ഉത്തരം**

ശ്രീമതി.പി.ആയിഷാ പോറ്റി      ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)സംസ്ഥാനത്തെ വൻകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് കെ.എസ്.ഇ.ബി.യ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ആയത് ഈടാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ)സംസ്ഥാനത്തെ വൻകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് കെ. എസ്. ഇ. ബി.യ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക 398.86 കോടി രൂപയാണ്. ആയത് പിരിച്ചെടുക്കുന്നതിലേക്കായി റവന്യൂ റിക്കവറി, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി ,തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി)വൈദ്യുതി പ്രസരണനഷ്ടം കുറച്ച് വിതരണ ശൃംഖലയെ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; | (ബി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി സാങ്കേതിക സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിയ്ക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടേയും ലൈനുകളുടേയും ശേഷി വർദ്ധിപ്പിയ്ക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളും, ലൈനുകളും ഉന്നത വോൾട്ടേജിലേക്ക് ഉയർത്തുക എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു<br><br>വിതരണ ശൃംഖല കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക, സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ പ്രവൃത്തികൾ നടപ്പാക്കുക മരച്ചില്ലകൾക്കിടയിലൂടെ കടന്നു പോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable)/ ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (സി) വൈദ്യുതി മോഷണം തടയുന്നതിനും പിടികൂടുന്നതിനുമായ സർക്കാർ നടപടികൾ കൂടുതൽ കാര്യക്ഷമം ആക്കാൻ എന്തെല്ലാം ചെയ്യും എന്ന വെളിപ്പെടുത്തുമോ? | (സി) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിനും പിടികൂടുന്നതിനുമായി ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. എ.പി.റ്റി.എസ്. സ്ക്വാഡുകൾ കൂടുതൽകാര്യക്ഷമമാക്കുന്നതിനുവേണ്ടി ഈ മേഖലയിൽ കൂടുതൽ പ്രാവീണ്യമുള്ള ജീവനക്കാരെ കണ്ടെത്തി നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും പരിശോധനയിലെ കൃത്യതയ്ക്കായി അത്യാധുനികമായ എൽ..റ്റി/എച്ച്.റ്റി സ്റ്റാന്റേർഡ് റഫറൻസ് മീറ്ററുകൾ ഉൾപ്പെടെയുള്ള കൂടുതൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ അവധി ദിവസങ്ങളിലും രാത്രികാലങ്ങളിലുംപരിശോധനകൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനു വേണ്ടി എല്ലാമാസവും 3 മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ